(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതുവരെ എത്ര ബസ്സുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ബസ്സുകൾ ഇൻഷ്വർ ചെയ്യേണ്ടതായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) അപകടത്തിൽപ്പെട്ട എത്ര പേർക്ക് ഇതിനകം ഇൻഷ്വറൻസ് പദ്ധതിയിൽ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. നേരിട്ട് നഷ്ടപരിഹാരമായി എത്ര തുക ഇനി വിതരണം ചെയ്യേണ്ടതായിട്ടുണ്ടെന്നു വിശദമാക്കാമോ;

(ഇ) ഇത്തരത്തിൽ ലഭിക്കേണ്ട തുക വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുമോ?

*ഉത്തരം*

(എ) ഇപ്പോൾ ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല.

(ബി) ഇൻഷ്വറൻസ് പദ്ധതി നിലവിലില്ലാത്തതിനാൽ ഇപ്പോൾ ബസ്സുകൾ ഇൻഷ്വർ ചെയ്യുന്നില്ല. കെ.എസ്.ആർ.ടി.സി.യുടെ രണ്ടു വോൾവോ ബസ്സുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(സി) ഇത്തരം കേസുകളിൽ ഇൻഷ്വറൻസ് കമ്പനിക്കെതിരെയാണ് കോടതി വിധി പുറപ്പെടുവിക്കുന്നത്. ഇതനുസരിച്ചുള്ള നഷ്ടപരിഹാരം ഇൻഷ്വറൻസ് കമ്പനി നേരിട്ടാണ് നൽകുന്നത്.

(ഡി) കോടതിവിധിപ്രകാരം 19.98 കോടി രൂപ വിതരണം ചെയ്യേണ്ടതായിട്ടുണ്ട്.

(ഇ) ഉണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് പരമാവധി ശ്രമിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കഴിയുന്നതുംവേഗം കൊടുത്തുതീർക്കുന്നതാണ്.

**കൊണ്ടോട്ടിയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ആരംഭിക്കുവാൻ നടപടി**

82 [545] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ കെ.എസ്.ആർ.ടി.സി.യുടെ ഒരു സബ് ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) ഉണ്ട്.

(ബി) കൊണ്ടോട്ടിയിൽ സബ് ഡിപ്പോ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**ചെർപ്പുളശ്ശേരി വഴി ബസ് സർവ്വീസ്**

83 [546] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടുനിന്നും കോഴിക്കോട്ടേക്ക് മണ്ണാർക്കാട് വഴിയാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 7 കിലോമീറ്റർ ലാഭിക്കുവാൻ കഴിയുന്ന ചെർപ്പുളശ്ശേരി വഴി ഇത് സർവ്വീസ് നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) മണ്ണാർക്കാട് വഴിയുള്ള ടി.ടി. സർവ്വീസിന് പൊന്നംകോട് എന്ന സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പാലക്കാട് ബസ് സ്റ്റാൻഡിൽ കംഫർട്ട് സ്റ്റേഷനായി ഉപയോഗിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്ത് സ്ത്രീകൾക്ക് മാത്രമായുള്ള വിശ്രമസങ്കേതം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഈ കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) ഈ കാര്യം പരിശോധിച്ചു തീരുമാനം എടുക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

84 [547] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly